പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 5000

28-10-2016 ൽ മറുപടിക്ക്

## ജൈവ വൈപ്പിൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്.ശർമ്മ | | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾ നിർത്തിവെയ്ക്കാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഇത്തരത്തിൽ നടപടി സ്വീകരിക്കാനുണ്ടായ സാഹചര്യം എന്തെന്നും പരാതിക്കാർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി വീരൻപുഴ ഉൾപ്പെടെ 10 തോടുകളുടെ എക്കൽ നീക്കം ചെയ്യുന്ന പ്രവർത്തികൾ ടെണ്ടർ വിളിച്ച് പണികൾ ആരംഭിച്ചു. എന്നാൽ വീരൻപുഴയുടെ എക്കൽ നീക്കം ചെയ്യുന്ന പ്രവർത്തി പുഴയുടെ പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പ്രവർത്തികൾ തടഞ്ഞുകൊണ്ട് കടമക്കുടി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പണികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ടി പരാതിയുടെ പകർപ്പ് കൃഷി വകുപ്പിൽ ലഭ്യമല്ല. |
| ബി) നിർമ്മാണം പുനരാരംഭിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർക്കും, പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയ്ക്കും നിർമ്മാണം പുനരാരംഭിക്കാനുള്ള അനുമതിയ്ക്കായി കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ